HON'BLE MR. K. R. ELANKATH : (എ) ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അതിലേക്കാവശ്യമുള്ള നടപടികൾ എടുത്തിട്ടുണ്ട്. ആ റോഡു വെട്ടുന്നതിന് ആദ്യത്തെ ഒരു മൈലിന് പതിനായിരം രൂപയും അതിനുശേഷം എഴുപത്തയ്യായിരം രൂപയും ചിലവാകുമെന്നുള്ള ഒരു എസ്റ്റിമേറും തയ്യാറാക്കിട്ടുണ്ട്.

ഇത്തിപ്പുഴ പാലം.

* 69. MR. V. MADHAVAN : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തിന്റെ ചാർജ്ജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) വൈക്കം താലൂക്കിൽ ഇത്തിപ്പുഴ പാലം പോയതുമൂലം ഗതാഗതത്തിനു തടസ്സമുണ്ടായിട്ടുള്ള വിവരം ഗവണ്മെൻറിന് അറിയാമോ?

(ബി) പ്രസ്തുതപാലം പണിയുന്നതിനു വല്ല നടപടിയും തുടങ്ങിയിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : (എ) ഗവണ്മെൻറിനറിയാം. ഗതാഗതസൗകര്യത്തിനുവേണ്ടി വള്ളവും ചങ്ങാടവും ഏർപ്പാടുചെയ്തിട്ടുണ്ട്.

(ബി) ആ പാലം പണിയുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ഏറുമാന്തർ റോഡിൽ നിന്നും തുരുവേലിക്കുന്നിനു സമീപം ചെന്നു മുട്ടുന്ന വഴി.

* 70. MR. V. MADHAVAN : താഴെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു മന്ത്രി സദയം മറുപടി നൽകുമോ?

(എ) വൈക്കം ഉദയനാപുരം റോഡിൽ നിന്നും വൈക്കം ഏറുമാന്തർ റോഡിൽ തുരുവേലിക്കുന്നിനു സമീപം ചെന്നുമുട്ടുന്ന ഒരു വഴി മുൻപുണ്ടായിരുന്നോ?

(ബി) ആ വഴിയുടെ പല ഭാഗങ്ങളും ഇപ്പോൾ കാണാനുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ ഗവണ്മെൻറു തൽസംബന്ധമായി എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : (എ) ഉണ്ടായിരുന്നു. പക്ഷേ ഒരു കേസായിട്ടേ ഉള്ളൂ. (ബി) ഉണ്ട്. (സി) വേണ്ടതുപോലെ നടപടിയെടുത്തുവരുന്നുണ്ട്.

MR. V. MADHAVAN : എന്തു നടപടിയാണ് നടത്തിയിട്ടുള്ളത്?

HON'BLE MR. K. R. ELANKATH : സ്ഥലം പൊന്നുംവില കൊടുത്തു എടുക്കേണ്ടതിനെപ്പറ്റി വേണ്ട നടപടികൾ നടത്തിക്കൊണ്ടിരിക്കുന്നു.

തലയോലപ്പറമ്പിൽ പാലാങ്കടവിലെ വെള്ളപ്പൊക്കം.

*71 MR. V. MADHAVAN : താഴെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വൈക്കംതാലൂക്കിൽ തലയോലപ്പറമ്പു ചന്തയിൽ നിന്നും പാലാങ്കടവിലേക്ക് എത്ര ദൂരമുണ്ട്?

(ബി) ചന്തമുതൽ പാലാങ്കടവുവരെയുള്ള റോഡ് വർഷകാലത്തു് വെള്ളം കേറി മൂടിപ്പോകാറുണ്ടോ?

(സി) ഈ ചന്തയുടെ വള്ളക്കടവു് പാലാങ്കടവല്ലേ?

(ഡി) വർഷകാലത്തു് പ്രസ്തുത വള്ളക്കടവിൽ നിന്നും സാമാനങ്ങൾ ചന്തയിലേക്കു് കൊണ്ടുപോകുന്നതിനും മറ്റും ബുദ്ധിമുട്ടുണ്ടാകുന്നില്ലേ?

(ഇ) പ്രസ്തുത റോഡിൽ എത്രയടി ഉയരത്തിൽ വെള്ളം പൊങ്ങാറുണ്ടെന്നു് പരിശോധിച്ചിട്ടുണ്ടോ?

(എഫ്) ആ റോഡു് കുറച്ചുകൂടി പൊക്കുന്നപക്ഷം ഈ ബുദ്ധിമുട്ടു് പരിഹരിക്കാവുന്നതാണോ?

HON'BLE MR. K. R. ELANKATH : (a) 3 furlongs
(b) Yes.
(c) Yes.
(d) Yes.
(e) Yes, up to 3 ft. water during ordinary floods.
(f) Yes.

വള്ളക്കുളത്തിന്റെ ആവശ്യം.

*72. MR. V. MADHAVAN : താഴെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പു മന്ത്രി സദയംമറുപടി നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly